റിപ്പോർട്ട്

കെ.എം

# ആതുര സേവനത്തിന്റെ അഞ്ചാം വർഷം

**സേവനത്തിന്റെയും** ആതുര ശുശ്രൂഷയുടെയും ധന്യമായ അഞ്ചാം വർഷത്തിലേക്ക് കടക്കുകയാണ് കോഴിക്കോട് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന *കനിവ്*. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി സന്ദർശിക്കുന്ന ആർക്കും ഇത്തരമൊരു സന്നദ്ധ സംഘടനയുടെ ആവശ്യകത ബോധ്യപ്പെടാതിരിക്കില്ല. മലബാറിലെ ഏറ്റവും ദരിദ്രരും നിരാലംബരുമായ രോഗികളുടെ അവസാനത്തെ അത്താണിയാണ് ഈ ആശുപത്രി. കോഴിക്കോട്, മലപ്പുറം, കണ്ണൂർ, വയനാട്, പാലക്കാട് ജില്ലകളിൽനിന്ന് മാത്രമല്ല, ഗൂഡല്ലൂർ, കുടക് എന്നിവിടങ്ങളിൽനിന്നും രോഗികൾ ധാരാളമായി ഇവിടെ എത്തുന്നു. ഉടുതുണിക്ക് മറുതുണിയില്ലാത്തവരും ചികിത്സക്ക് കിടപ്പാടം വരെ വിറ്റവരും പണയപ്പെടുത്തിയവരുമൊക്കെയാണ് ഇവരിൽ ഭൂരിപക്ഷവും. ഇവരിൽ അടിയന്തര സഹായം അർഹിക്കുന്നവർക്ക് സാധ്യമാവുന്ന സേവനങ്ങൾ ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് *കനിവി*ന് രൂപം നൽകിയിരിക്കുന്നത്.

ബഹുമുഖമാണ് *കനിവി*ന്റെ സേവന പ്രവർത്തനങ്ങൾ. ദിവസവും 200 രോഗികളെ തെരഞ്ഞെടുത്ത് ഒരു നേരത്തെ ഭക്ഷണം നൽകുന്നു. ഉദാരമതികളായ ഒരുപറ്റം മനുഷ്യസ്നേഹികളാണ് ഓരോ ദിവസത്തെയും ഭക്ഷണം സ്പോൺസർ ചെയ്യുന്നത്. സ്പോൺസർ ചെയ്യാൻ കുറച്ചു പേർ കൂടി മുന്നോട്ടു വന്നാൽ 500 രോഗികൾക്കെങ്കിലും ദിവസവും ഭക്ഷണം നൽകാൻ കഴിയും. ഭക്ഷണത്തിന്റെ പാചകവും വിതരണവും അതിനുള്ള പണം കണ്ടെത്തുന്നതുമൊക്കെ പൂർണമായും സ്ത്രീകളാണ്. അയൽപ്രദേശങ്ങളിൽനിന്ന് നിരവധി സ്ത്രീകൾ സേവന സന്നദ്ധരായി ഇവിടെ എത്തുന്നു. ഓരോ മാസത്തെയും ഭക്ഷണച്ചെലവിനായി എഴുപതിനായിരത്തിൽപരം രൂപ അവർ മാസാന്തം പിരിച്ചുണ്ടാക്കുന്നു. *കനിവി*ന്റെ കീഴിലുള്ള 26 അംഗ വിമൻസ് വിംഗാണ് ഇതിന് നേതൃത്വം നൽകുന്നത്.

വാർഡ് നവീകരണമാണ് *കനിവ്* ഏറ്റെടുത്ത മറ്റൊരു സേവന പ്രവർത്തനം. പന്ത്രണ്ടര ലക്ഷം രൂപ ചെലവഴിച്ച് ഇതിനകം മൂന്ന് വാർഡുകൾ നവീകരിച്ചു. ഓരോ വാർഡിലേക്കും 50 പുതിയ ബെഡുകൾ വാങ്ങി. കേടുവന്ന കട്ടിലുകൾ മാറ്റി. നിലം മൊസൈക് മാറ്റി ടൈൽസിട്ടു. ആവശ്യമുള്ളവർക്ക് വീൽചെയറും വാട്ടർബെഡും വാക്കറും നൽകുന്നു. എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു ആംബുലൻസ് സർവീസും *കനിവ്* നടത്തുന്നുണ്ട്. രോഗികൾക്ക് മരുന്നിനായി മാസാന്തം നാൽപതിനായിരം രൂപ ചെലവഴിക്കുന്നു.

ആശുപത്രി അധികൃതരുടെയും ഡോക്ടർമാരുടെയും പൂർണ സഹകരണത്തോടെയാണ് സേവനപ്രവർത്തനങ്ങൾ. ഡോക്ടർമാർ വഴി വിജയകരമായി നടന്നുവരുന്ന സംരംഭമാണ് 'ഹെൽപ്പിംഗ് ഹാൻഡ്.' മരുന്നു വാങ്ങാൻ ശേഷിയില്ലാത്ത രോഗികളെ ഡോക്ടർമാർ തന്നെ കണ്ടെത്തി *കനിവി*ലേക്ക് റഫർ ചെയ്യുന്നു. *കനിവ്* അവർക്കു വേണ്ട സഹായങ്ങൾ നൽകുന്നു. നിർധനരായ രോഗികളുടെ നാട്ടുകാരുമായി ഫോണിൽ ബന്ധപ്പെട്ട് നാട്ടിൽനിന്നുതന്നെ സഹായനിധി സമാഹരിക്കാൻ വേണ്ടിയാണ് 'ഹെൽപ്പിംഗ് നെറ്റ്' പ്രവർത്തിക്കുന്നത്. രോഗിയുടെ കൂടെ വന്നവർക്ക് കുറഞ്ഞ വാടകക്ക് താമസിക്കാനുള്ള ചെറിയ സൗകര്യവും ഏർപ്പാടാക്കിയിട്ടുണ്ട്.

വിപുലമായ സൗകര്യങ്ങളുള്ള ഒരു ഡയഗ്നോസ് സെന്റർ സ്ഥാപിക്കാനും ആരോഗ്യബോധവത്കരണത്തിന് സംവിധാനങ്ങൾ ഏർപ്പെടുത്താനും *കനിവ്* ഉദ്ദേശിക്കുന്നുണ്ട്. ജമാഅത്തെ ഇസ്‌ലാമി കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ കീഴിലാണ് *കനിവ്* പ്രവർത്തിക്കുന്നത്. ■